ഹദീസ്

**സഈദ് ഉമരി മുത്തനൂർ**/ sayeedumari@gmail.com

# അഭിവാദ്യത്തിന്റെ ഉദാത്ത രീതി

عَن ابِي هُرَيْرَة رَضِيَ اللهُ عَنْهُ عَنِ النَّبِيّ صَلَّى اللهُ عليه وسلَّمَ انه قَال: إِذَا لَقِي احَدَكُم اخَاهُ فَليسَلم عَلَيْه (حديث صحيح رواه ابودود في سننه)

**അബൂഹുറയ്റയിൽനിന്ന്. നബിതിരുമേനി(സ) അരുൾ ചെയ്യുന്നു: നിങ്ങളിൽ ഒരാൾ തന്റെ സഹോദരനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറയട്ടെ. (അബൂദാവൂദ്)**

എല്ലാ സമുദായങ്ങളിലും വിഭാഗങ്ങളിലും അഭിവാദ്യങ്ങളും പ്രത്യഭിവാദ്യങ്ങളുമുണ്ട്. ആളുകൾ കണ്ടുമുട്ടുമ്പോൾ നമസ്തേ എന്നോ നമസ്കാർ എന്നോ മറ്റു സമാനമായ വാക്കുകളോ പറയാറുണ്ട്. ഗുഡ് മോണിംഗ്, ഗുഡ്നൈറ്റ് എന്ന് പറയുന്ന ആംഗലേയ രീതിയും നിലവിലുണ്ട്. പൗരാണിക അറബികൾ 'ഹയ്യാകല്ലാഹ്' എന്ന് പ്രയോഗിച്ചിരുന്നു. അല്ലാഹു നിന്നെ ജീവിപ്പിക്കട്ടെ, അല്ലെങ്കിൽ ജീവനോടെ നിലനിർത്തട്ടെ എന്നർഥം. അൻഅമ അൻഇം സ്വബാഹൻ (നല്ല പ്രഭാതമായിരിക്കട്ടെ) ഇങ്ങനെയും അഭിവാദ്യ ശൈലികളും ഉണ്ടായിരുന്നു. സമയബന്ധിതമായാണ് ഇവയിൽ പലതും. വിഷമ സന്ധിയിൽ പെട്ട് ഉഴലുന്നവനോട് രാവിലെ കയറി ഗുഡ്മോണിംഗ് എന്നോ സുപ്രഭാതം എന്നോ പറയുന്നതിൽ അസാംഗത്യമുണ്ട്. രോഗപീഡയിൽ ശയ്യാവലംബിയായവനെ നോക്കി നല്ല സായാഹ്നം (ഗുഡ് ഈവനിംഗ്), നല്ല രാവ് - (ഗുഡ് നൈറ്റ്) എന്നൊക്കെ നേരുമ്പോൾ അതിലൊരു അസാംഗത്യമുണ്ട്; ഉദ്ദേശ്യം അതല്ലെങ്കിൽ കൂടി.

മറ്റു പലതിലുമെന്ന പോലെ ഇസ്ലാം ഇവിടെയും വേറിട്ടു നിൽക്കുന്നു. അസ്സലാമു അലൈക്കും- താങ്കൾക്ക് സമാധാനമുണ്ടാവട്ടെ- എന്നാണ് ഇസ്ലാമിന്റെ ശാന്തിമന്ത്രം. വേദന കടിച്ചിറക്കുന്നവനോടും ഗുരുതരമായി രോഗം ബാധിച്ചവനോടും ഈ വാക്ക് പറയാം. അയാൾക്കു വേണ്ടിയുള്ള ഒരാശ്വാസ പ്രാർഥന കൂടിയാണല്ലോ അത്. ഏറ്റവും നന്നായി പ്രത്യഭിവാദ്യം ചെയ്യാനും ഖുർആനിൽ നിർദേശമുണ്ട് (4:86).

ഏറ്റവും നല്ല ഇസ്ലാം എന്നാൽ എന്താണെന്ന് ചോദിച്ചപ്പോൾ പ്രവാചകന്റെ മറുപടി: 'പാവങ്ങളെ ഊട്ടുക, അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക.' അന്യരുമായി അടുപ്പം സ്ഥാപിക്കാനും സൗഹൃദം പങ്കിടാനും ഇസ്ലാമിലെ അഭിവാദ്യ വചനത്തിന് മാസ്മരിക ശക്തിയുണ്ട്. ഒരാൾ അപരന് സലാം പകരുമ്പോൾ തന്റെ കൈയിൽ നിന്നും നാവിൽനിന്നും ആ മനുഷ്യൻ സുരക്ഷിതനാണ് എന്നുകൂടിയാണ് അർഥം. ഇബ്നുൽ അറബി *അഹ്കാമുൽ ഖുർആനിൽ* ഇമാം ഇബ്നു ഉയൈനയെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു: 'അ തദ്രീ മസ്സലാം? യഖുൽ അൻത ആമിൻ മിന്നീ' - 'അറിയാമോ, സലാം എന്താണെന്ന്? എന്നിൽനിന്ന് നീ നിർഭയനാണ്' എന്നാണതിന്റെ അർഥം. ദൈവിക നാമങ്ങളിൽ ഒന്നുമാണ് 'സലാം' എന്നത്.

സലാം സ്വർഗത്തിന്റെ പേര് കൂടിയാണ്. ഖുർആൻ പറയുന്നു: 'അല്ലാഹു നിങ്ങളെ സമാധാന ഗേഹത്തി(ദാറുസ്സലാം) ലേക്ക് ക്ഷണിക്കുന്നു' (10:25).

സ്വർഗ വാതായനങ്ങളിൽ മലക്കുകൾ വിശ്വാസികളെ അഭിവാദ്യം ചെയ്യുന്നത് സലാം പറഞ്ഞു കൊണ്ടായിരിക്കുമെന്ന് ഖുർആൻ: 'നിങ്ങൾക്കു സമാധാനം. നിങ്ങൾക്കു നല്ലതു വരട്ടെ.' (39:73)

സ്വർഗസ്ഥരായ സജ്ജനങ്ങൾക്ക് ദൈവത്തിന്റെ ഉപചാര വചനം എത്രമേൽ മനോജ്ഞമാണ്. 'സലാം -സമാധാനം- ഇതായിരിക്കും ദയാപരനായ നാഥനിൽ നിന്ന് അവർക്കുള്ള അഭിവാദ്യം' (36:58).

ഒരു നേതാവിന്റെയോ അധികാരിയുടെയോ അടുക്കൽ നാം എത്തുമ്പോൾ അദ്ദേഹം നേരിട്ടു വന്ന് സലാം പറഞ്ഞ് കൂട്ടിക്കൊണ്ടു പോവുക- ഈ രംഗം ഓർത്തു നോക്കൂ! എത്ര ഹൃദയഹാരിയാകുമത്. ഇത് അല്ലാഹു തന്റെ അടിയാറുകളോട് പ്രകടിപ്പിക്കുമ്പോൾ എത്രമേൽ ചേതോഹരമല്ല!

രണ്ടുപേർ തമ്മിൽ കണ്ടുമുട്ടിയാൽ അവരിൽ ആരാണ് സലാം പറഞ്ഞു തുടങ്ങേണ്ടത് -തിരുദൂതരോട് ഒരാൾ ചോദിച്ചു. 'അവരിൽ അല്ലാഹുവുമായി കൂടുതൽ അടുത്തവനാരോ അവൻ' - തിരുനബി പ്രതിവചിച്ചു. ഇത് ഹൃദയം തൊട്ട ഒരു തിരുവരുളാണ്. അല്ലാഹുവിനോട് കൂടുതൽ അടുത്തവൻ താനാണെന്ന് അവനവന് അവകാശപ്പെടാൻ കിട്ടുന്ന ഏക അവസരം. സലാം പറയുന്ന കാര്യത്തിൽ തരംതിരിവുണ്ടാകാതിരിക്കാൻ ഈ നബിവചനങ്ങൾ നമുക്ക് പ്രചോദനമാകേണ്ടതുണ്ട്. നബിതിരുമേനി(സ)യുടെ ഒരു വചനം പ്രസിദ്ധമാണ്: 'ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിന്റെ കാര്യത്തിൽ അഞ്ച് ബാധ്യതകളുണ്ട്. അതിൽ പ്രഥമവും പ്രധാനവുമായതാവട്ടെ 'റദ്ദുസ്സലാം' അഥവാ പ്രത്യഭിവാദ്യം ചെയ്യലാകുന്നു' (ബുഖാരി).

ഈ ഹദീസ് ആറ് ബാധ്യതകൾ എന്ന നിലയിലും വന്നിട്ടുണ്ട്. അതിൽ സലാം പറയാനാണ് ഒന്നാമതായി നിർദേശിക്കുന്നത്. രണ്ടും തമ്മിൽ പ്രകട വ്യത്യാസമില്ല. സലാം പറയാനും മടക്കാനും മുസ്ലിംകൾ ബാധ്യസ്ഥരാണെന്നർഥം. ചെറിയവർ വലിയവർക്ക് സലാം പറയണമെന്നാണല്ലോ. എന്നാൽ, തിരുമേനി കുട്ടികളോട് ചെന്ന് സലാം പറയുമായിരുന്നുവെന്ന് അനസ് (റ) റിപ്പോർട്ട് ചെയ്തതായി കാണാം.

വീട്ടുകാരോട് സലാം പറയുന്നതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ച് നബി (സ) ഒരിക്കൽ പറഞ്ഞു: മൂന്നു വ്യക്തികളുടെ ഉത്തരവാദിത്വം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു; അവർ ജീവിച്ചിരിക്കുമ്പോൾ അവരുടെ സംരക്ഷണം. ഇനി അവർ മരണമടയുമ്പോഴോ, സ്വർഗീയാരാമങ്ങളിലുമായിരിക്കും. അവരിൽ ഒരാൾ, സലാം പറഞ്ഞുകൊണ്ട് തന്റെ വീട്ടിൽ കടന്നു ചെല്ലുന്നവൻ. രണ്ട്, പള്ളിയിലേക്ക് പോകുന്നവൻ. അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിച്ചവനാണ് മൂന്നാമത്തെയാൾ (*അൽ അദബുൽ മുഫ്റദ്*). ●

98951 28059